# പതിമൂന്നാം കേരള നിയമസഭ
# പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **07-01-2014-ൽ മറുപടിക്ക്.**

**ചോദ്യം നമ്പർ : 673**

## കൊച്ചി-മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.വി.രാജേഷ് | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) | |
| (എ) | കൊച്ചി-മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | ചട്ടപ്രകാരം ആവശ്യമായ എല്ലാ അനുമതികളും ലഭിച്ച ശേഷം ഗ്യാസ് പൈപ്പ്ലൈൻ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചു. 1962 ലെ പെട്രോളിയം ധാതു പൈപ്പ്ലൈൻ ആക്ട് (P&MP Act) പ്രകാരം കോമ്പിറ്റന്റ് അതോറിറ്റിയെ (C.A.) നിയമിക്കുകയും ആക്ട് പ്രകാരമുള്ള 3(1), 6(1) നോട്ടിഫിക്കേഷൻ കേരളത്തിൽ മൊത്തം 7 ജില്ലകളിലായി പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനായുള്ള Right of use (ROU) നടപടികൾ 505 കി.മീറ്ററിൽ, 415 കി.മീറ്ററോളം നടത്തി കഴിഞ്ഞു. ബാക്കി ഭാഗങ്ങളിൽ നടപടികൾ നടന്നു വരുന്നു. പൈപ്പ്ലൈൻ പദ്ധതിക്കുള്ള പൈപ്പ്, ഉപകരണങ്ങൾ എന്നിവ പദ്ധതി പ്രദേശത്ത് എത്തിച്ചു കഴിഞ്ഞു. കരാറടിസ്ഥാനത്തിലുള്ള കോൺട്രാക്ട്, പൈപ്പ്ലൈൻ നിർമ്മാണത്തിനു നൽകി. കേരളത്തിലുള്ള സെക്ഷനൈസിംഗ് വാൽവ് / ഇന്റർമീഡീറ്റ് പിഗ്ഗിംഗ് (SV/IP) സ്റ്റേഷൻ 31 എണ്ണത്തിനുവേണ്ടിയുള്ള സ്ഥലമേറ്റെടുപ്പിന് വേണ്ടിയുള്ള സംസ്ഥാന സർക്കാരിന്റെ നടപടികൾ അന്തിമ ഘട്ടത്തിലാണ്. |
| (ബി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലയിൽ സ്ഥലം ഏറ്റെടുക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | കണ്ണൂർ ജില്ലയിൽ തലശ്ശേരി, കണ്ണൂർ, തളിപറമ്പ് എന്നീ താലൂക്കുകളിലൂടെയാണ് പൈപ്പ്ലൈൻ വിന്യസിക്കുന്നത്. P & MP Act പ്രകാരമുള്ള 3(1), 6(1) നോട്ടിഫിക്കേഷനുകൾ കേന്ദ്ര ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധീകരിച്ചു കഴിഞ്ഞു. |

| | | | |
|---|---|---|---|
| (സി) | ഭൂമി നഷ്ടപ്പെടുന്ന സ്ഥലമുടമകൾക്ക് ഏതു വിധത്തിലുള്ള നഷ്ടപരിഹാരമാണ് നൽകാൻ ഉദ്ദേശിക്കുന്നത്; | (സി) | ഭൂമിയുടെ ഉപയോഗാവകാശം ഏറ്റെടുക്കുന്ന സ്ഥലമുടമകൾക്ക് P & MP Act പ്രകാരം ഫെയർ വാല്യൂ തുകയുടെ അഞ്ച് ഇരട്ടി സ്ഥലവിലയായി നിശ്ചയിച്ച് അതിന്റെ 10% നഷ്ടപരിഹാരമായി നൽകുവാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ നഷ്ടപ്പെടുന്ന ഫലവൃക്ഷാദികൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള നഷ്ടപരിഹാരം നൽകുന്നതിനുള്ള സംവിധാനവും നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ